**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 183** **23-01-2025 - ൽ മറുപടിയ്ക്ക്**

**പൊഴിയൂർ കുടുംബ ആരോഗ്യ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പൊഴിയൂർ കുടുംബ ആരോഗ്യ കേന്ദ്രത്തിൽ അധിക ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ; തീരദേശ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രി എന്ന നിലയിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | പൊഴിയൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാരുടെ മൂന്ന് സ്ഥിരം തസ്തിക നിലവിൽ ഉണ്ട്. ആർദ്രം മാനദണ്ഡ പ്രകാരം രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെയാണ് ഒ.പി സേവനം നിഷ്കർഷിച്ചിട്ടുള്ളത്. നിലവിൽ പൊഴിയൂർ എഫ്.എച്ച്.സിയിൽ പി.എസ്.സി മുഖേന 3, എൻ.എച്ച്.എം മുഖേന 1, എൽ.എസ്.ജി.ഡി മുഖേന 1 എന്നിങ്ങനെ ഡോക്ടർമാർ സേവനം നൽകി വരുന്നു. ടി സ്ഥാപനത്തിൽ പുതിയ കെട്ടിടം പണിയുന്നതിന് സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഒരു കോടി രൂപ അനുവദിക്കുകയും, PWD എഞ്ചിനീയർ സ്ഥല പരിശോധന നടത്തി മണ്ണ് പരിശോധനയ്ക്കായി കൊണ്ടുപോയിട്ടുമുണ്ട്. ആയതിൻമേലുള്ള തുടർ നടപടികൾ നടന്നു വരുന്നു. കൂടാതെ നിലവിൽ ടി സ്ഥാപനത്തിന് പഞ്ചായത്തിൽ നിന്നും പ്രോജക്റ്റ് മുഖാന്തിരം മെയിന്റനൻസ് ഫണ്ട് ആയി 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് |
| (ബി) | നെയ്യാറ്റിൻകര വെൺപകൽ ആശുപത്രിയിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വാർഡിന്റെ പ്രവൃത്തി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്ന് വിശദമാക്കാമോ? | (ബി) | നെയ്യാറ്റിൻകര വെൺപകൽ ആശുപത്രിയിലെ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തിയാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായി നടന്നു വരുന്നത്. നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. പ്രീ-എഞ്ചിനീയറിംഗ് സ്ട്രക്ചറൽ പ്രവൃത്തികൾ, പ്ലംബിംഗ് പ്രവൃത്തികൾ, ഫ്ലോർ പി.സി.സി എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. അടുത്തഘട്ടമായ ഇ.പി.എസ് പാനൽ സ്ഥാപിക്കുന്നതിനായി മെറ്റീരിയൽ സൈറ്റിൽ എത്തിയിട്ടുണ്ട്. പ്രസ്തുത ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തികൾ മാർച്ച് അവസാനത്തോട് കൂടി പൂർത്തീകരിക്കാനാകുമെന്ന് നിർമ്മാണ ഏജൻസിയായ M/s. തൃശ്ശൂർ ഡിസ്ട്രിക്റ്റ് ലേബർ |

| | | | |
|---|---|---|---|
| | | | കോൺട്രാക്റ്റ് കോപ്പറേറ്റീവ് സൊസൈറ്റി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ